ഉത്തരം

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) പരിശോധിക്കാറുണ്ട്. പല സ്ഥാപനങ്ങളും തെറ്റായ രീതിയിൽ ബോർഡ് പ്രദർശിപ്പിക്കുന്നതായും, ചില സ്ഥാപനങ്ങൾ അനധികൃതമായി ബോർഡ് പ്രദർശിപ്പിക്കുന്നതായും കണ്ടുവരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ബോർഡ് നീക്കം ചെയ്യുന്നതിന്/ബോർഡ് ശരിയായ രീതിയിൽ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പിഴയും ഈടാക്കാറുണ്ട്.

(സി) ഉണ്ട്. സ്വീകരിച്ചു വരുന്നുണ്ട്.

റോഡപകടങ്ങൾ

394 (372) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 1-7-2011 മുതൽ 31-12-2015 വരെ ഓരോ ജില്ലയിലും നടന്ന റോഡപകടങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമിക്കപ്പെട്ട ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-7-2011 മുതൽ 31-12-2015 വരെയുള്ള റോഡപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) റിപ്പോർട്ടിലെ ശിപാർശ പ്രകാരം അപകട സാധ്യത കൂടിയ സ്പോട്ടുകൾ കണ്ടെത്തി സൈനേജുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർച്ചയായ റോഡപകടങ്ങൾ നടക്കുന്ന നാഷണൽ ഹൈവേയിലെ ഹരിപ്പാട്-കായംകുളം ഭാഗം വീതി കൂട്ടുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ മറ്റ് ശിപാർശകളിൽ പൊതുമരാമത്ത്, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly